നാണ്യവിളകൾക്ക് ന്യായവില ഉറപ്പാക്കാൻ നടപടി

128 [2745] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വർക്കല കഹാർ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാണ്യവിളകളുടെ വിലയിടിയാതെ നോക്കുന്നതിനും അവയ്ക്ക് ന്യായവില ഉറപ്പാക്കുന്നതു സംബന്ധിച്ചും കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) അക്കാര്യത്തിൽ എന്തെല്ലാം നടപടികളെടുക്കാമെന്ന് കേന്ദ്രത്തിൽ നിന്നും ഉറപ്പു ലഭിച്ചു;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നാണ്യവിളകളുടെ വിലയിടിയാതെ നോക്കുന്നതിനും അവയ്ക്ക് ന്യായവില ഉറപ്പാക്കുന്നതിനും കേന്ദ്ര ഗവൺമെന്റുമായി പല വേദികളിലും ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കെല്ലാം അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത് എങ്കിലും സംസ്ഥാനത്തിന്റെ ഒട്ടനവധി ആവശ്യങ്ങളിൻമേൽ ഉചിതമായ നടപടി കേന്ദ്രം സ്വീകരിക്കേണ്ടതുണ്ട്.

(സി) മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4550 രൂപയും ഉണ്ട കൊപ്രയ്ക്ക് 4760 രൂപയും താങ്ങുവില നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കാർഷികോൽപ്പന്നങ്ങളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. റബ്ബറിന്റെ ഇറക്കുമതിക്ക് ഏർപ്പെടുത്തിയിരുന്ന തുറമുഖ നിയന്ത്രണം പിൻവലിച്ച നടപടി പുനഃസ്ഥാപിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കയറ്റുമതിക്കുള്ള സബ്സിഡി പകുതിയാക്കിയത് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കുരുമുളകിന് സർട്ടിഫിക്കറ്റ് ഓഫ് ഒറിജിനൽ നിബന്ധന കർക്കശമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യയിൽ നിന്നുള്ള കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും പുനഃകയറ്റുമതിക്കുവേണ്ടി ഇറക്കുമതി ചെയ്യപ്പെടുന്ന കാർഷികോൽപ്പന്നങ്ങൾക്ക് നിശ്ചിത തോതിൽ മൂല്യവർദ്ധനവ് നടത്തി മാത്രമേ കയറ്റുമതി അനുവദിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

"പഴം-പച്ചക്കറി കയറ്റുമതിക്കുവേണ്ടി പ്രത്യേക വിമാനം"

129 [2747] ശ്രീ. പി. ടി. തോമസ്:

,, കെ. മോഹൻകുമാർ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, എം. എ. വാഹീദ്:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്ന് എങ്ങോട്ടെല്ലാം വിമാനം വഴി മലക്കറിയും പഴവർഗ്ഗങ്ങളും കയറ്റുമതി ചെയ്യുന്നു എന്നു പറയുമോ;

(ബി) കുറഞ്ഞ ചാർജിൽ വിമാനക്കമ്പനികൾ യാത്രക്കാരെ കൊണ്ടു പോകുമ്പോൾ സംസ്ഥാനത്തു നിന്നും പഴവും പച്ചക്കറിയും കയറ്റുമതി ചെയ്യാനുള്ള വിമാനസൗകര്യം കുറയുവാനിടയുണ്ടോ;

(സി) ഇത് സംസ്ഥാനത്തുനിന്നുള്ള പഴം-പച്ചക്കറി കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമോ; എങ്കിൽ പഴം പച്ചക്കറി കയറ്റുമതിക്കുവേണ്ടി പ്രത്യേക വിമാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രധാനമായും പശ്ചിമേഷ്യൻ രാജ്യങ്ങൾ (ഗൾഫ് മേഖല), മാലി, യൂറോപ്യൻ രാജ്യങ്ങൾ, അമേരിക്ക, കാനഡ മുതലായ സ്ഥലങ്ങളിലേക്കാണ് വിമാനം വഴി മലക്കറിയും പഴവർഗ്ഗങ്ങളും കയറ്റുമതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) എത്രത്തോളം ബാധിക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. പച്ചക്കറി കയറ്റുമതിക്ക് വേണ്ടി പ്രത്യേക വിമാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly